**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4745** **11-08-2021 - ൽ മറുപടിയ്ക്ക്**

**ഫയലുകൾ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സെക്രട്ടേറിയറ്റിലേയും സർക്കാർ ഓഫീസുകളിലേയും ഫയലുകൾ കാലതാമസമില്ലാതെ അതിവേഗം തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സെക്രട്ടേറിയറ്റിലേയും സർക്കാർ ഓഫീസുകളിലേയും ഫയലുകൾ കാലതാമസമില്ലാതെ അതിവേഗം തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ ഉൾപ്പെടെ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കി വരുന്നു. ഒരു ഓഫീസറുടെ അഭാവത്തിൽ ലിങ്ക് ഓഫീസർക്ക് പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിൽ ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | എല്ലാ സർക്കാർ ഓഫീസുകളും ഇ-ഫയലുകൾ കൈകാര്യം ചെയ്യാൻ സജ്ജമായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഇ-ഫയൽ, ഇ-ഓഫീസ് എന്നിവ പൂർണ്ണസജ്ജമായി കൈകാര്യം ചെയ്യുന്ന സംസ്ഥാനത്തെ ഡയറക്ടറേറ്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത ഡയറക്ടറേറ്റുകളിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് ഇ -ഓഫീസ് മുഖേന ഫയലുകൾ അയക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയ ഡയറക്ടറേറ്റുകളിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് ഇന്റർ ഓഫീസ് ഫയൽ ട്രാൻസ്ഫർ സംവിധാനം മുഖേന ഫയലുകൾ അയക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ

## ഇ-ഓഫീസ് നടപ്പിലാക്കിയ ഡയറക്ടറേറ്റുകൾ / കമ്മീഷണറേറ്റുകൾ

| | | | |
|---|---|---|---|
| 1 | കാർഷിക വികസനവും കർഷകക്ഷേമവും | 22 | വ്യാവസായിക പരിശീലനം |
| 2 | മൃഗസംരക്ഷണം | 23 | വ്യവസായവും വാണിജ്യവും |
| 3 | പുരാവസ്തു | 24 | ജലസേചന വകുപ്പ് |
| 4 | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം | 25 | ലീഗൽ മെട്രോളജി |
| 5 | പിന്നാക്ക വിഭാഗ വികസനം | 26 | ലോട്ടറി |
| 6 | പൊതുവിതരണം | 27 | മെഡിക്കൽ വിദ്യാഭ്യാസം |
| 7 | കയർ വികസനം | 28 | മൈനിങ് & ജിയോളജി |
| 8 | വാണിജ്യ നികുതി | 29 | മോട്ടോർ വാഹനം |
| 9 | സഹകരണം | 30 | പഞ്ചായത്ത് |
| 10 | ക്ഷീരവികസനം | 31 | പൊതു വിദ്യാഭ്യാസം |
| 11 | സാമ്പത്തികവും സ്ഥിതിവിവരവും | 32 | രജിസ്ട്രേഷൻ |
| 12 | പരിസ്ഥിതിയും കാലാവസ്ഥ വ്യതിയാനവും | 33 | സൈനികക്ഷേമം |
| 13 | എക്സൈസ് | 34 | പട്ടിക ജാതി വികസനം |
| 14 | അഗ്നി സുരക്ഷ സേവനം | 35 | സാമൂഹികക്ഷേമം |
| 15 | മത്സ്യബന്ധനം | 36 | മണ്ണ് പര്യവേഷണം |
| 16 | വനം | 37 | കേരള സംസ്ഥാന ഓഡിറ്റ് |
| 17 | കൈത്തറിയും നെയ്ത്തും | 38 | സ്റ്റേഷനറി |
| 18 | തുറമുഖ എൻജിനീയറിംഗ് | 39 | സർവ്വെയും ഭൂരേഖകളും |
| 19 | ഹയർ സെക്കൻഡറി വിദ്യാഭ്യാസം | 40 | നഗരാസൂത്രണം |
| 20 | ഹോമിയോപ്പതി | 41 | ട്രഷറി |
| 21 | ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ | | |